Mathrubhumi 21/11/18 P-06

# യഥാർഥ കറുവപ്പട്ട തിരിച്ചറിയാം

പ്രമോദ് മാധവൻ

വിപണിയിൽ രണ്ടുതരത്തിലുള്ള കറുവപ്പട്ട ലഭ്യമാണ്. ശ്രീലങ്കൻ കറുവപ്പട്ടയും കാഷ്യയും. ആദ്യത്തേത് സിന്നമോമം സെയ്‌ലാനിക്കം, സിന്നമോമം വീരം എന്നിങ്ങനെയുള്ള ശാസ്ത്രനാമങ്ങളാലും രണ്ടാമത്തേത് സിന്നമോമം കാഷ്യ എന്ന ശാസ്ത്രനാമത്താലും അറിയപ്പെടുന്നു.

ഇളം തവിട്ടുനിറത്തിൽ വേഗം പൊടിയുന്ന സ്വഭാവമുള്ള അനവധി നേരിയ പാളികൾ കൊണ്ടുണ്ടാക്കിയതെന്ന് തോന്നിപ്പിക്കുന്ന ഹൃദയഹാരിയായ നേർത്ത സുഗന്ധമുള്ള തരം പട്ടയാണ് ശ്രീലങ്കൻ കറുവ. ഇതാണ് യഥാർഥ കറുവപ്പട്ട. ഒരു ഔൺസ് (28.349 ഗ്രാം) സിലോൺ കറുവപ്പട്ടയുടെ വില ഏകദേശം 178 രൂപ.

കാഷ്യ സിന്നമനാകട്ടെ ഇരുണ്ട ചുവപ്പ് നിറമുള്ളതും വളരെ കടുപ്പമുള്ളതും രൂക്ഷ ഗന്ധമുള്ളതുമാണ്. അതിൽ 'കൗമാരിൻ' എന്ന ഒരുതരം വിഷവസ്തു കൂടുതലായി അടങ്ങിയിരിക്കുന്നതിനാൽ കൂടിയ അളവിൽ സ്ഥിരമായി ശരീരത്തിലെത്തിയാൽ വൃക്ക, കരൾ എന്നിവയ്ക്ക് തകരാറുകൾ ഉണ്ടാകാനിടയുണ്ട്. 50 കിലോ ശരീരഭാരമുള്ള ഒരാളുടെ ശരീരത്തിന് സഹിക്കാവുന്ന കൗമാരിൻെറ അളവായി തിട്ടപ്പെടുത്തിയിരിക്കുന്നത് വെറും അഞ്ച് മില്ലി ഗ്രാമാണ്.

## കൃഷിരീതി

വിത്ത് മുളപ്പിച്ച് തൈയുണ്ടാക്കുന്നു. തൈ നട്ട് രണ്ടുവർഷം കഴിയുമ്പോൾ ഏകദേശം 12-15 അടി ഉയരമെത്തുമ്പോൾ മരം താഴ്ത്തി മുറിക്കുന്നു. അതിനുശേഷം ആ കുറ്റിയുടെ ചുവട്ടിൽ മണ്ണിട്ട് മൂടുമ്പോൾ അനവധി കിളിർപ്പുകൾ വളരുന്നു. സാധാരണഗതിയിൽ 10 കൊല്ലം പ്രായമെത്തുമ്പോൾ



മരം മുറിയ്ക്കുന്നു. ശിഖരങ്ങളെല്ലാം മുറിച്ച ശേഷം തടികൾ ഫാക്ടറികളിലെത്തിക്കുന്നു. ആദ്യം പുറംതൊലി പ്രത്യേക ഉപകരണമുപയോഗിച്ച് നന്നായി ചുരണ്ടിക്കളയുന്നു. അതിനുശേഷം തടിയിൽനിന്ന് തൊലി നീളത്തിൽ കുഴലുപോലെ ഇളക്കിയെടുക്കുന്നു. തടി കുറച്ചുസമയം വെള്ളത്തിൽ ഇട്ടാൽ തൊലി മൃദുവാകുകയും വേഗത്തിൽ ഇളക്കിയെടുക്കാൻ കഴിയുകയും ചെയ്യും.

ഇവ വായു സഞ്ചാരമുള്ള ഷെഡ്ഡുകളിൽ നിരത്തി കെട്ടിത്തൂക്കി വൃത്തിയായി ഉണക്കിയെടുക്കുന്നു. ഒന്നിനകത്ത് നീളത്തിൽ മറ്റൊന്ന് കയറ്റി നീളൻ ചുരുളുകളായി പായ്ക്ക് ചെയ്ത് ഇവ വിൽപനയ്ക്കെത്തുന്നു. മുറിഞ്ഞ കഷണങ്ങൾ ഉണക്കി പൊടിയാക്കി വിൽപ്പനയ്ക്കെത്തുന്നു. ആറു മില്ലി മീറ്റർ വ്യാസമുള്ള സിലോൺ കറുവപ്പട്ട ആൽബ എന്നും 16 മില്ലി മീറ്റർ വ്യാസമുള്ളവ കോണ്ടിനെൻറൽ എന്നും 19 മില്ലി മീറ്റർ വരെയുള്ളവ മെക്സിക്കൻ എന്നും 32 മില്ലി മീറ്ററിന് മുകളിൽ വ്യാസമുള്ളവ ഹാംബർഗ് എന്നും ഗ്രേഡ് ചെയ്ത് പായ്ക്ക്ചെയ്യുന്നു.

*(മങ്കൊമ്പ് കീടരോഗനിയന്ത്രണ കേന്ദ്രത്തിലെ അഗ്രികൾച്ചറൽ ഓഫീസറാണ് ലേഖകൻ)*